| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
## MIDDLE SECTION
## HALF YEARLY EXAMINATION 2019-20

## MALAYALAM

Code: MYML05

CLASS: VII

Time Allotted: 2 ½ Hrs.

26.09.2019

Max .Marks: 80

**General Instructions :**

1. **All questions are compulsory.**
2. **All answers should be written in the answer sheet provided.**

| Qns | | Marks |
|---|---|---|
| 1. | ബ്രാക്കറ്റിൽ നിന്നും ശരിയായ അർഥം തെരഞ്ഞെടുത്തെഴുതുക | 5x½=2½ |

(ആയിരം, സന്തോഷം, പതിനായിരം, വർധിക്കുക, കാക്ക, വസിക്കുക)

1. മേവുക 2. കനക്കുക
3. സഹസ്രം 4.ആനന്ദം
5. വായസം

2\. പര്യായം എഴുതുക — 5 x 1=5

1. അരയന്നം 2.നാണം
3. ഹേതു 4..അത്ഭുതം
5. ഭർത്താവ്

3\. വിപരീതം എഴുതുക — 5x½=2½

1. തെളിയുക 2. വേലിയേറ്റം
3. ആശ 4. ഗൗരവം
5. രക്ഷ

4\. ഒറ്റപ്പദം എഴുതുക — 5 x 1= 5

1. ദുഷ്ടത കാണിക്കുന്നവൻ 2. തെറ്റും കുറ്റവും
3. പഠിക്കുന്നതിനുള്ള പുസ്തകം 4. രാവും പകലും
5. സത്ത് ഉള്ളവർ

5\. അർഥവ്യത്യാസം എഴുതുക — 3 x 1=3

1. ഗണം കണം
2. പാഠം, പാടം
3. അർഥം, അർധം

6\. എതിർലിംഗമെഴുതുക — 5x½=2½

1. കുമാരൻ 2. മിടുക്കൻ
3. ധനാഢ്യൻ 4. നാഥൻ
5. ഭൃത്യൻ

7. ശരിയായപദം തെരഞ്ഞെടുത്തെഴുതുക 5x½=2½

1. സോധീനം, സോധീനം, സ്വാധീനം
2. ത്യജിക്കുക, തൃചിക്കുക, തൃഛിക്കുക
3. മന്തിച്ചു, മന്ദിച്ചു, മന്ധിച്ചു
4. പശ്ചാത്താപം, പച്ചാത്താപം, പഷ്ച്ചാത്താപം
5. പുരോകതി, പുരോഗദി, പുരോഗതി

8. നാനാർഥം എഴുതുക 5 x 1=5

1. മേനി 2. ചിത്രം
3. മതി 4. സ്നേഹം
5. ചമയുക

9. വിഗ്രഹിച്ചെഴുതുക 5 x 1=5

1. വാരിവിഹാരം 2. കഥാപുരുഷൻ
3. പിതൃഭക്തി 4. സംഗീതോപകരണം
5. അതിമോദം

10. പിരിച്ചെഴുതുക 5 x 1=5

1. ദിനന്തോറും
2. വിത്തത്തിൽ
3. വന്നില്ലത്രേ
4. ശതമാകിൽ
5. ശീതത്തെപ്പൂണ്ട്

11. ചേർത്തെഴുതുക 3 x 1=3

1. ഒരു + അംഗം
2. ബ്രഹ്മം + അതുതന്നെ
3. മനസ്സിന് + ഒരു

12. വാക്യത്തിൽ പ്രയോഗിക്കുക 2x1½=3

1. പച്ചപിടിച്ചു നിൽക്കുക
2. ശ്രദ്ധയിൽ പെടുക

13. പ്രയോഗം മാറ്റുക 3 x 1=3

1. കാക്ക അരയന്നത്തെ വെല്ലുവിളിച്ചു
2. സഞ്ചാരികൾ ചിത്രപ്രദർശനം നടത്തി
3. കേട്ടെഴുത്ത് അധ്യാപകനാൽ നടത്തപ്പെട്ടു

14. പകരംപദം എഴുതുക 2x ½=1

1. കണ്ണു കണാത്തവൻ
2. സംസാരിക്കാൻ കഴിയാത്തവൻ

15. ചേരുംപടി ചേർക്കുക 5x½=2½

1. കൃഷ്ണഗാഥ - സ്വർണവും മനുഷ്യനും
2 മുട്ടസ്സ് നമ്പൂതിരി - എന്റെ കുട്ടിക്കാലം
3. ജ്ഞാനപ്പാന - കാകന്റെ അഹങ്കാരം
4. മിസ്റ്റർ ഗയിൽസ് - കുങ്കുമം ചുമക്കുന്ന കഴുത
5. വൈശ്യതനയന്മാർ - മഞ്ഞുകാലം

16. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 5 x 1=5

1. കാകൻെറയും അരയന്നങ്ങളുടെയും കഥ കർണനോട് പറയുന്നതാര്?
2. പാലാഴിയിലെ ജലം തൂകുന്നതുപോലെ എന്താണ് വീണു കിടന്നത്?
3. 'എൻെറ സത്യാന്വേഷണ പരീക്ഷണങ്ങൾ' ആരുടെ ആത്മകഥയാണ്?
4. ആഭരണത്തോടുള്ള മനുഷ്യൻെറ ഭ്രമം എവിടെ എത്തിയാൽ മനസ്സിലാവും എന്നാണ് കഥാകൃത്ത് പറയുന്നത്?
5. കേട്ടെഴുത്ത് നടത്തിയപ്പോൾ ഗാന്ധിജി തെറ്റിച്ചെഴുതിയ വാക്ക് എന്ത്?

17. **കവിത പൂരിപ്പിക്കുക** 1 x 5=5

ശീതം തഴച്ചോരു ഹേമന്തകാലവും
..............................................................
..............................................................
..............................................................
കാന്തമാർ കാന്തിയും മങ്ങുമല്ലോ (10 വരികൾ)

18. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** 5x½=2½

1. താമരയുടെ ഭർത്താവായി കവി പറയുന്നത് ആരെയാണ്?
   (ചന്ദ്രൻ, സൂര്യൻ, നക്ഷത്രം)
2. സത്യം എന്നത് എന്താണെന്നാണ് കവി പറയുന്നത്?
   (ബ്രഹ്മം, ആശ, പാശം)
3. അടുത്തിരുന്ന കുട്ടിയുടെ പുസ്തകം നോക്കിയെഴുതാൻ ആരാണ് ഗാന്ധിജിയോട് നിർദേശിച്ചത്?
   (ചങ്ങാതിമാർ, അധ്യാപകൻ, അച്ഛൻ)
4. മഞ്ഞുവീണപ്പോൾ താമരകൾക്ക് എന്ത് സംഭവിച്ചു?
   (തെളിഞ്ഞു, വിടർന്നു, വാടി)
5. കുങ്കുമത്തിൻെറ ഗന്ധം അറിയാതെ കുങ്കുമം ചുമക്കുന്നതാര്?
   (ഗജം, ഗർദഭം, അശ്വം)

19. **ഉത്തരം എഴുതുക** 6 x 2=12

1. ശീതത്തെ തടയാൻ ഓരോരുത്തരും ചെയ്ത പ്രവൃത്തികൾ എന്തെല്ലാം?
2. മുട്ടസ്സ് നമ്പൂതിരി പെട്ടി തലയിൽ വെച്ചു നിൽക്കാൻ കാരണമെന്ത്?
3. ശ്രാവണൻെറ കഥയും ഹരിശ്ചന്ദ്രൻെറ നാടകവും ഗാന്ധിജിയെ എങ്ങനെയാണ് സ്വാധീനിച്ചത്?
4. കാകൻെറ അഹങ്കാരത്തിൻെറ ഫലം എന്തായിരുന്നു?
5. 'എൻെറ ദിനചര്യ ഇതായിരുന്നു'- എന്തായിരുന്നു ഗാന്ധിജിയുടെ ദിനചര്യ?
6. 'സ്വർണവും മനുഷ്യനും' എന്ന കഥയിൽ നമുക്കു ലഭിക്കുന്ന സന്ദേശം എന്ത്?

20. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 5 x 1=5

ഇൻഡ്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയും പ്രമുഖ ശാസ്ത്രജ്ഞനുമായിരുന്നു ഡോ. എ.പി.ജെ അബ്ദുൽ കലാം. തമിഴ്നാട്ടിലെ രാമേശ്വരത്ത് 1931 ഒക്ടോബർ 15 –നായിരുന്നു ജനനം. ഭൗതിക ശാസ്ത്രത്തിലും

ബഹിരാകാശ എഞ്ചിനീയറിങ്ങിലും ബിരുദം നേടിയ അദ്ദേഹം അധ്യാപകൻ, ശാസ്ത്രജ്ഞൻ, പ്രഭാഷകൻ, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം സേവനമനുഷ്ഠിച്ചു. മിസ്സൈൽ സാങ്കേതിക വിദ്യയിൽ അദ്ദേഹത്തിൻെറ സംഭാവനകൾ കണക്കിലെടുത്ത് "ഇൻഡ്യയുടെ മിസ്സൈൽ മനുഷ്യൻ" എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. 2020-ൽ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കാനുള്ള മാർഗങ്ങളും ദർശനങ്ങളും 'ഇന്ത്യ 2020' എന്ന തൻെറ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു. ഒരു സാങ്കേതിക വിധഗ്ധൻ മാത്രമായിരുന്നില്ല, രഷ്ട്രത്തിൻെറ ഭാവിയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള ശാസ്ത്രജ്ഞൻ കൂടിയായിരുന്നു അദ്ദേഹം. അഴിമതി വിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്തു നടത്തുന്നുണ്ടായിരുന്നു.

അദ്ദേഹത്തിൻെറ ആത്മകഥയുടെ പേരാണ് 'അഗ്നിച്ചിറകുകൾ'. അരുൺ തിവാരിയുടെ സഹായത്തോടെ അബ്ദുൽ കലാം ഇംഗ്ലീഷ് ഭാഷയിൽ രചിച്ച 'വിങ്സ് ഓഫ് ഫയർ' എന്ന ഗ്രന്ഥത്തിൻെറ മലയാള പരിഭാഷയാണിത്. "സത്യസന്ധതയും അച്ചടക്കവും എനിക്ക് എൻെറ മാതാപിതാക്കളിൽ നിന്നും ലഭിച്ചതാണ്, എന്നാൽ ശുഭാപ്തി വിശ്വാസവും, ദയാവായ്പും എനിക്ക് കിട്ടിയത് എൻെറ മൂന്ന് സഹോദരന്മാരിൽ നിന്നും സഹോദരിയിൽ നിന്നുമാണ്"- എന്നദ്ദേഹം ഈ പുസ്തകത്തിൽ പറയുന്നുണ്ട്. തൻെറ ഇ-മെയിലിലൂടെ അദ്ദേഹം ആളുകളുമായി, വിശേഷിച്ചും വിദ്യാർഥികളുമായി നിരന്തരം സംവദിച്ചു കൊണ്ടിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടുത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള വിനോദമായിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകുന്നവയാണ്. സ്വപ്നങ്ങളും ലക്ഷ്യങ്ങളുമില്ലാത്തത് കുറ്റമാണെന്നും കഠിനാധ്വാനത്തിലൂടെ മാത്രമേ വിജയം നേടാനാവൂ എന്നും അദ്ദേഹം നമുക്കു നൽകിയ പാഠമാണ്. 2015 -ജൂലൈ 27 ന് അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു.

1. 'അഗ്നിച്ചിറകുകൾ' ഏത് കൃതിയുടെ പരിഭാഷയാണ്?
2. ശുഭാപ്തി വിശ്വാസവും ദയാവയ്പും കലാമിന് ആരിൽ നിന്നാണ് ലഭിച്ചത്?
3. ഏതെല്ലാം നിലകളിലാണ് അബ്ദുൽ കലാം സേവനമനുഷ്ഠിച്ചിട്ടുള്ളത്?
4. അബ്ദുൽ കലാം നമുക്ക് നൽകുന്ന ജീവിത പാഠം എന്ത്?
5. കലാമിന് ഇഷ്ടമുള്ള വിനോദം എന്തായിരുന്നു?

.........................................................................